ഉത്തരം

(എ&ബി) സർക്കാരുമായി കരാറിലേർപ്പെടുകയും 50% സീറ്റുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നടത്താമെന്ന് സമ്മതിക്കുകയും ചെയ്യുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകാരം നിഷേധിക്കുന്ന സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത അംഗീകാരം നേടിയെടുക്കുന്നതിനുള്ള സഹായങ്ങൾ സർക്കാർ ചെയ്യാറുണ്ട്. ഇതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സൗകര്യങ്ങളില്ലാത്ത സ്വാശ്രയ കോളേജുകൾക്ക് സർക്കാർ ഹെൽത്ത് സെന്ററുകളിലെ ക്ലിനിക്കൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനും അതുപോലെ സർക്കാർ ജനറൽ ഹോസ്പിറ്റലുകളിൽ പോസ്റ്റ്മാർട്ടം പഠിക്കാനും പരിശീലനം നേടാനുമുള്ള സൗകര്യങ്ങൾ ചെയ്യും പഠന പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. സ്വാശ്രയ കോളേജുകൾ സ്വന്തം നിലയിൽ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ മാത്രമായിരിക്കും ഇത്തരം സഹായം സർക്കാർ നൽകുക.

സ്വകാര്യ-സർക്കാർ മെഡിക്കൽ കോളേജുകൾ

129(2598) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ -സ്വകാര്യ മേഖലകളിൽ എത്ര മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; എത്ര മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ഇവയിൽ എം.ബി.ബി.എസിനു എത്ര മെറിറ്റ് സീറ്റുകൾ നീക്കിവച്ചിട്ടുണ്ട് ;

(ബി) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ 5-ഉം സ്വകാര്യ മേഖലയിൽ 10-ഉം മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ പ്രവർത്തനമാരംഭിച്ചത് സർക്കാർ മേഖലയിൽ 3 എണ്ണവും സ്വാശ്രയ മേഖലയിൽ 4 എണ്ണവുമാണ്. ടി 7 കോളേജുകളിലായി എം.ബി.ബി.എസ്-ന് 525 മെറിറ്റ് സീറ്റുകൾ നീക്കി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോ വർഷവും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തിച്ചുവരുന്നു. എം.ബി.ബി.എസ്.-ന്റെ ആദ്യ ബാച്ച് അവസാന വർഷം എത്തുന്നതോടുകൂടി ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന പ്രക്രിയ പൂർണ്ണമാകുന്നതാണ്.

ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം

130(T2599) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഏതൊക്കെയാണ്; 2015-16 ൽ പ്രസ്തുത മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും എം.ബി.ബി.എസ്. പ്രവേശനം ലഭിച്ചവരിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്ര വീതമാണ് ; ഇതര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്ര ;

(ബി) 2015-16-ൽ ന്യൂനപക്ഷ പദവിയിലുള്ള ഓരോ സ്വാശ്രയ മെഡിക്കൽ കോളേജിലും എം.ബി.ബി.എസ്. പ്രവേശനത്തിന് അപേക്ഷ നൽകിയവർ എത്ര വീതമാണ് ; അതിൽ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ള അപേക്ഷകർ എത്ര; ഇതരവിഭാഗത്തിൽ നിന്നുണ്ടായിരുന്ന അപേക്ഷകർ എത്ര;

(സി) ന്യൂനപക്ഷപദവി നേടി നടത്തുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ളവരുടെ അപേക്ഷ ഉണ്ടായിരുന്നിട്ടും, അവർക്ക് പരിഗണന നൽകാതെ ഇതര വിഭാഗത്തിൽ നിന്ന് പണം വാങ്ങിക്കൊണ്ട് വിദ്യാർത്ഥി പ്രവേശനം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകൾ താഴെ പറയുന്നവയാണ്:

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly